**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4394** **25.10.2016 ൽ മറുപടിക്ക്.**

**ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണം**

| **ചോദ്യം**<br>**ശ്രീ. റ്റി.വി. രാജേഷ്** | **മറുപടി**<br>**ഡോ. ടി.എം. തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| സംസ്ഥാനത്തെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | നിലവിലുള്ള ചെക്ക്പോസ്റ്റുകളിലെ ഏറ്റവും സങ്കീർണ്ണമായ വിഷയങ്ങളായ ഗതാഗതക്കുരുക്ക്, നികുതി ചോർച്ച, സുതാര്യതയില്ലായ്മ എന്നിവ പരിഹരിക്കുന്നതിലേയ്ക്കായി സർക്കാർ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട അന്തർ സംസ്ഥാന പ്രവേശന സ്ഥലങ്ങളിൽ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക് പോസ്റ്റുകളെ ഒരു കുരയ്ക്ക് കീഴിൽ കൊണ്ടുവന്ന്, ആധുനിക സംവിധാനങ്ങളോട് കൂടിയ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്ന നടപടികൾ പുരോഗമിച്ച് വരികയാണ്.<br>കേരളത്തിലെ പ്രധാനപ്പെട്ട 7 ചെക്ക്പോസ്റ്റുകളെ ഇത്തരത്തിലുള്ള ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ടമായി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക്പോസ്റ്റുകളെ |

—›

| | |
|---|---|
| | സംയോജിത വിവരശേഖരണ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുന്നതിനാൽ, വാഹനം സെന്ററുകളിലേയ്ക്ക് കടന്നു വരുമ്പോൾ ഓരോ വകുപ്പുകൾക്കും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തി വിടാൻ സാധിക്കും.<br><br>സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി സംവിധാനം, സി.സി.ടി.വി ക്യാമറ, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ, ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡേറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നതിനാൽ ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത, വേഗത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുകയും നികുതി വരുമാനം വർദ്ധിക്കുന്നതിന് സഹായകമാവുകയും ചെയ്യും |

സെക്ഷൻ ഓഫീസർ